പതിമൂന്നാം കേരള നിയമസഭ

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 983

03.12.2014 -ലെ മറുപടിയ്ക്ക്

**ചേലക്കര മണ്ഡലത്തിലെ തിരുവല്ല്വാമല മോഡൽ റസിഡൻഷ്യൽ സ്കൂളിന് ഭൂമി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. രാധാകൃഷ്ണൻ. എം.എൽ.എ** | **ശ്രീ.എ.പി അനിൽകുമാർ**<br>ബഹു. പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
| (എ) ചേലക്കര മണ്ഡലത്തിലെ തിരുവല്ല്വാമല മോഡൽ റസിഡൻഷ്യൽ സ്കൂളിന് ഭൂമി അനുവദിച്ചു കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ടോ ;<br>(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) & (ബി) ഉണ്ട്. ചേലക്കര മണ്ഡലത്തിലെ തിരുവില്വാമല മോഡൽ റസിഡൻഷ്യൽ സ്കൂളിനായി തൃശ്ശൂർ ജില്ലയിൽ തിരുവില്വാമല പഞ്ചായത്തിൽ കണിയാർകോട് വില്ലേജിൽ സർവ്വെ നം. 688/1, 688/2 ൽ പെട്ട 6 ഏക്കർ 82 ¼ സെന്റ് സ്ഥലം ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നില നിർത്തിക്കൊണ്ട് പട്ടികജാതി വികസന വകുപ്പിന് ഉപയോഗാനുമതി നൽകിക്കൊണ്ട് 17.07.2014 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 304/2014 / റവന്യൂ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (സി) പ്രസ്തുത ഭൂമി റവന്യൂ വകുപ്പിൽ നിന്നും പട്ടികജാതി വികസന വകുപ്പിന് കൈമാറ്റം ചെയ്തു കിട്ടുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; | (സി) പ്രസ്തുത ഭൂമി അളന്ന് തിരിച്ച് സ്കെച്ച്, മഹസർ എന്നിവ തയ്യാറാക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) മോഡൽ റസിഡൻഷ്യൽ സ്കൂളിന് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ ഈ വർഷം തന്നെ ആരംഭിക്കുന്നതിനു വേണ്ടി പ്രസ്തുത ഭൂമി എത്രയും വേഗം കൈമാറ്റം ചെയ്തു കിട്ടാൻ നടപടികൾ സ്വീകരിക്കുമോ ? | (ഡി) ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ നിർമ്മാണം ഈ വർഷം തന്നെ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ 590 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു. |

K.J

സെക്ഷൻ ഓഫീസർ